# പതിനാലാം കേരള നിയമസഭ

## പതിനെട്ടാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

## (ചോദ്യോത്തരങ്ങൾ ഒഴികെ)

2020 ഫെബ്രുവരി 12, ബുധൻ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(9.00 മുതൽ 10.00 വരെ ചോദ്യോത്തര സമയം)

## I അടിയന്തരപ്രമേയം

സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾ

മി. സ്പീക്കർ: സംസ്ഥാനത്ത് സ്ത്രീകൾക്കും കുട്ടികൾക്കുമെതിരായ അതിക്രമങ്ങൾക്കെതിരെ നടപടി സ്വീകരിക്കുന്നതിൽ പോലീസിന്റെ ഭാഗത്തുനിന്നുണ്ടായിട്ടുള്ള അനാസ്ഥമൂലം ജനങ്ങളിൽ ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ആശങ്ക സഭാനടപടികൾ നിർത്തിവച്ച് ചർച്ച

ചെയ്യണമെന്നാവശ്യപ്പെട്ട് ശ്രീമതി ഷാനിമോൾ ഉസ്മാൻ, ഡോ. എൻ. ജയരാജ്, സർവ്വശ്രീ കെ.എം. ഷാജി, അനൂപ് ജേക്കബ് എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): തിരുവനന്തപുരം കുന്നത്തുകാലിൽ വീട്ടിൽ അതിക്രമിച്ച് കയറിയ യുവാവ് പെൺകുട്ടിയെ ക്രൂരമായി വെട്ടിക്കൊലപ്പെടുത്തിയ സംഭവത്തിൽ പെൺകുട്ടിയുടെ മുത്തച്ഛന്റെ മൊഴിയുടെ അടിസ്ഥാനത്തിൽ ഐ.പി.സി. വിവിധ വകുപ്പുകൾ പ്രകാരം വെള്ളറട പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. വലിയമലയിൽ സ്കൂൾ വിദ്യാർത്ഥിനിയെ ക്ലാസ് മുറിയിൽവച്ച് അദ്ധ്യാപകൻ ലൈംഗികമായി പീഡിപ്പിച്ചതായുള്ള പിതാവിന്റെ പരാതിയുടെ അടിസ്ഥാനത്തിൽ കുട്ടിയുടെ മൊഴി രേഖപ്പെടുത്തുകയും പോക്സോ ആക്ടിലെ വിവിധ വകുപ്പുകൾ പ്രകാരം വലിയമല പോലീസ് കേസ് രജിസ്റ്റർ ചെയ്ത് തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ട്. വാളയാർ കേസിലെ പ്രതികളെ വിചാരണകോടതി വെറുതെ വിട്ടതിനെതിരെ ഹൈക്കോടതിയിൽ സർക്കാർ സമർപ്പിച്ച അപ്പീലുകൾ കോടതിയുടെ പരിഗണനയിലാണ്. കേസിന്റെ വിശദമായ അന്വേഷണത്തിന് റിട്ടയേർഡ് ജില്ലാ ജഡ്ജിയെ അന്വേഷണ

കമ്മീഷനായി നിയമിച്ചിട്ടുണ്ട്. പ്രസ്തുത കേസിൽ മരണപ്പെട്ട പെൺകുട്ടികളുടെ മാതാപിതാക്കൾ ആവശ്യപ്പെട്ടാൽ സി.ബി.ഐ. ഉൾപ്പെടെയുള്ള ഏതന്വേഷണവും നടത്താൻ സർക്കാർ തയ്യാറാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളിൽ ഊർജ്ജിതമായ അന്വേഷണവും പ്രതികൾക്കെതിരെ ശക്തമായ നിയമനടപടികളും തുടർന്നും സ്വീകരിക്കുന്നതാണ്.

ശ്രീമതി ഷാനിമോൾ ഉസ്മാൻ: സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള ആക്രമണങ്ങളിൽ കേരളം ഒന്നാമതാണ്. ജുവനൈൽ ജസ്റ്റിസ് (കെയർ ആന്റ് പ്രൊട്ടക്ഷൻ ഓഫ് ചിൽഡ്രൻ) ആക്ട്, 2015 പ്രകാരം കുട്ടികളെ ആക്രമിക്കുകയോ അവഗണിക്കുകയോ മാനസികവും ശാരീരികവുമായ സമ്മർദ്ദം ഏൽപ്പിക്കുകയോ ചെയ്യുന്നത് കുറ്റകരവും ശിക്ഷാർഹവുമാണ്. പോക്സോ കേസിൽ പ്രതിയായ വ്യക്തി സമാനമായ മറ്റൊരു കേസിൽ വീണ്ടും പ്രതിയാകുന്ന അവസ്ഥ ദൗർഭാഗ്യകരമാണ്. പോക്സോ കേസിൽ കൃത്യമായ ഫോളോ അപ് വേണമെന്നും കുട്ടികളുമായി ഇത്തരം കുറ്റവാളികൾ ഇടപെടുന്നത് തടയണമെന്നും കുറ്റവാളികളുടെ ഡാറ്റാബേസ് തയ്യാറാക്കണമെന്നും സുപ്രീംകോടതി നിർദ്ദേശിച്ചിട്ടുണ്ട്. കേരളത്തിൽ കാണാതാകുന്ന പെൺകുട്ടികളുടെ എണ്ണവും സ്ത്രീകൾക്കും

കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങളും അനുദിനം വർദ്ധിച്ചുവരികയാണ്. പീഡനത്തിനിരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും നീതി ലഭ്യമാക്കുന്നതിനും ഇരകൾ കൊല്ലപ്പെടുന്ന സ്ഥിതിവിശേഷം അവസാനിപ്പിച്ച് സ്ത്രീ സുരക്ഷ ഉറപ്പാക്കുന്നതിനും നടപടി സ്വീകരിക്കണം. നീതികേടിനെ നിശബ്ദതകൊണ്ട് നേരിടുന്ന സമീപനം അവസാനിപ്പിക്കണം. വനിതാകമ്മീഷനുകളുടെ പ്രവർത്തനം കാര്യക്ഷമവും സുതാര്യവുമാക്കാൻ നടപടി സ്വീകരിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സ്ത്രീ സുരക്ഷയുടെ ഭാഗമായി പോലീസ് ഉൾപ്പെടെയുള്ള വകുപ്പുകളിൽ സ്ത്രീ പ്രാതിനിധ്യം ഉറപ്പുവരുത്തുന്നതിന് ക്രിയാത്മകമായ നടപടികൾ സ്വീകരിക്കുകയും സ്മാർട്ട് പോലീസ് സ്റ്റേഷനുകൾ സ്ഥാപിക്കുകയും പോക്സോ കേസുകൾ, ബാലനീതി നിയമം, സ്ത്രീകൾക്കെതിരായ അതിക്രമങ്ങൾ എന്നിവയെക്കുറിച്ചുള്ള ബോധവത്കരണ പദ്ധതികൾ ആരംഭിക്കുകയും പദ്ധതിനിർവ്വഹണം നിരീക്ഷിക്കുന്നതിന് സംസ്ഥാനതല സമിതിക്ക് രൂപം നൽകുകയും ചെയ്തിട്ടുണ്ട്. പോലീസ് സേനയിലെ സ്ത്രീ പ്രാതിനിധ്യം ഉയർത്തുന്നതിനായി പ്രത്യേക വനിതാ ബറ്റാലിയൻ രൂപീകരിക്കുകയും ജില്ലയൊട്ടാകെ വനിതാ

പോലീസ് സ്റ്റേഷനുകൾ ആരംഭിക്കാൻ തീരുമാനമെടുക്കുകയും ചെയ്തു. വനിതാ പോലീസ് ഉദ്യോഗസ്ഥർ പഞ്ചായത്തുകൾ സന്ദർശിച്ച് പരാതി സ്വീകരിക്കുന്ന സംവിധാനം വിപുലീകരിക്കുന്നതും താലൂക്ക് ലീഗൽ സർവ്വീസസ് അതോറിറ്റിയുമായി ചേർന്ന് നിയമ അവബോധന ക്ലാസ്സുകൾ സംഘടിപ്പിക്കുന്നതുമാണ്. കുടുംബത്തിൽ/ബന്ധുക്കളിൽ നിന്നുമുള്ള കുട്ടികൾക്കെതിരായ ലൈംഗികാതിക്രമങ്ങൾ തടയുന്നതിന് കരുതൽ സ്പർശം, കൈകോർക്കാം കുട്ടികൾക്കായി എന്ന ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. വനിതാ സ്വയം പ്രതിരോധ പരിശീലകരുടെ സേവനം പരമാവധി സ്കൂൾ-കോളേജുകളിലേയ്ക്കും പഞ്ചായത്തുകളിലേയ്ക്കും വ്യാപിപ്പിക്കുന്നതും ജനസംഖ്യാടിസ്ഥാനത്തിൽ പരിശീലനം നൽകുന്നതുമാണ്. സ്കൂൾ/ഡിഗ്രിതലങ്ങൾ വരെയുള്ള വിദ്യാർത്ഥികൾക്കിടയിൽ ലിംഗസമത്വം സംബന്ധിച്ച് അവയർനെസ് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ആശ്വാസനിധി പദ്ധതി നടപ്പാക്കുകയും ചെയ്യും. അതിക്രമങ്ങൾ അതിജീവിച്ച സ്ത്രീകൾക്കും കുട്ടികൾക്കും ആവശ്യമായ വീഡിയോ കോൺഫറൻസിംഗ് സംവിധാനം, എമർജൻസി ഷോർട്ട് സ്റ്റേ സഹായം, വൈദ്യസഹായം, കൗൺസിലിംഗ്, പോലീസ്/നിയമസഹായം, സുരക്ഷിത അഭയം എന്നീ സേവനങ്ങൾ ഒരു കുടക്കീഴിൽ ഉറപ്പുവരുത്തുന്നതോടൊപ്പം

സംസ്ഥാനത്തുടനീളം വൺ സ്റ്റോപ് സെന്ററുകൾ പ്രവർത്തനമാരംഭിക്കുകയും നോഡൽ ഏജൻസിയായി നിർഭയ സെല്ലിനെ ചുമതലപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കുട്ടികളുടെ മാനസികവും ശാരീരികവുമായ സുരക്ഷ ഉറപ്പുവരുത്തുന്നതിന് വിദ്യാലയങ്ങളിൽ കൗൺസിലിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും അദ്ധ്യാപകരെ മെന്റർമാരായി നിയമിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെയുള്ള അതിക്രമങ്ങൾ പൂർണ്ണമായും അവസാനിപ്പിക്കുന്നതിന് സമൂഹത്തിന്റെ ഇടപെടലും കരുതലും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ടതില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(സർക്കാർ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. ജെ. ജോസഫ്, അനൂപ് ജേക്കബ്, ഒ. രാജഗോപാൽ, ഡോ. എം. കെ. മുനീർ എന്നീ പ്രതിപക്ഷകക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അല്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

## II ശ്രദ്ധ ക്ഷണിക്കൽ

(1) തൊഴിലിടങ്ങളിൽ സ്ത്രീ സുരക്ഷ ഉറപ്പാക്കൽ

ശ്രീമതി വീണാ ജോർജ്ജ്: തൊഴിലിടങ്ങളിൽ സ്ത്രീകൾക്ക് സുരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി എല്ലാ കമ്പനികളിലും Sexual Harassment of Women at Workplace (Prevention, Prohibition and Redressal) Act, 2013-ന്റെ അടിസ്ഥാനത്തിൽ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിനും തൊഴിലിടങ്ങളിലെ പ്രശ്നങ്ങൾ നിർഭയം പരാതിപ്പെടുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തുന്നതിനും കുട്ടികളുടെ പരിപാലനത്തിനായി ക്രഷുകൾ പ്രവർത്തിപ്പിക്കുന്നതിനും നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശുവികസനവും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): തൊഴിലിടങ്ങളിലെ സ്ത്രീകളുടെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് ഇന്റേണൽ കംപ്ലെയ്ന്റ് കമ്മിറ്റിയും ലോക്കൽ കംപ്ലെയ്ന്റ് കമ്മിറ്റിയും രൂപീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ഗാർഹിക അതിക്രമങ്ങൾക്ക് വിധേയരാകുന്ന സ്ത്രീകൾക്ക് പരാതി കൊടുക്കാനും നിയമസഹായം ലഭ്യമാക്കാനും കുറ്റകൃത്യങ്ങൾ കണ്ടെത്തി പോലീസിൽ റിപ്പോർട്ട് ചെയ്യാനുമായി സ്ക്വാഡുകൾ

രൂപീകരിച്ചിട്ടുണ്ട്. സ്ത്രീകളുടെ ക്ഷേമത്തിനായി അനവധി പദ്ധതികൾ സർക്കാർ ആരംഭിച്ചിട്ടുണ്ട്. സ്ത്രീകളുടെയും കുട്ടികളുടെയും പ്രശ്നങ്ങൾ അവതരിപ്പിക്കാനും അതിക്രമങ്ങളുണ്ടാകുന്ന സന്ദർഭങ്ങളിൽ വൈദ്യസഹായവും നിയമസഹായവും ലഭ്യമാക്കുന്നതിനുമായി ജില്ലകൾതോറും 'വൺ സ്റ്റോപ് സെന്ററുകൾ' ആരംഭിക്കുകയും അതിക്രമങ്ങളുമായി ബന്ധപ്പെട്ട് കെട്ടിക്കിടക്കുന്ന കേസുകൾക്ക് തീർപ്പുകൽപ്പിക്കാൻ പോക്സോ കോടതികൾ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്. വനിതാ കമ്മീഷൻ അദാലത്തുകൾ നടത്തി കെട്ടിക്കിടന്ന കേസുകൾക്ക് തീർപ്പുകൽപ്പിക്കുകയും സ്ത്രീ സൗഹൃദാന്തരീക്ഷമൊരുക്കുന്ന സ്ഥാപനങ്ങൾക്ക് പ്രത്യേക പരിഗണന നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യുന്നതാണ്.

(2) <u>വന്യജീവി ആക്രമണം</u>

<u>ശ്രീ. പി. ജെ. ജോസഫ്</u>: വനാതിർത്തിക്കടുത്തുള്ള കൃഷിയിടങ്ങളിൽ നിരന്തരമുണ്ടാകുന്ന വന്യജീവി ആക്രമണം തടയുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. വനങ്ങൾക്കുള്ളിൽത്തന്നെ ജലസംഭരണികൾ നിർമ്മിച്ച് ജലവും തീറ്റയും ലഭ്യമാക്കുന്നതിനും വന്യജീവിസംരക്ഷണത്തിന് ബജറ്റിൽ വകയിരുത്തിയിട്ടുള്ള തുക വർദ്ധിപ്പിക്കാനും വനാതിർത്തികളിൽ കിടങ്ങുകൾ

കുഴിച്ചും ഫെൻസിംഗ് ഏർപ്പെടുത്തിയും കൃഷിയിടങ്ങൾ സംരക്ഷിക്കാനും മുൻകയ്യെടുക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): വന്യജീവികളിൽനിന്നും ജനങ്ങൾക്ക് സംരക്ഷണം ലഭ്യമാക്കുന്നതിനുള്ള നടപടികളെ സംബന്ധിച്ച് സംസ്ഥാന വന്യജീവി ബോർഡിന്റെ യോഗത്തിൽ വിശദമായി ചർച്ച ചെയ്യുകയും കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ ശല്യകാരിയായി പ്രഖ്യാപിക്കുന്നതിന് പെരിയാർ ടൈഗർ കൺസർവേഷൻ ഫൗണ്ടേഷനെയും ഡെറാഡൂണിലെ വൈൽഡ് ലൈഫ് ഇൻസ്റ്റിറ്റ്യൂട്ടിനെയും സംയുക്തപഠനം നടത്തുന്നതിന് ചുമതലപ്പെടുത്തുകയും ഒരു വർഷത്തിനുള്ളിൽ റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. മനുഷ്യരും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷം ഒഴിവാക്കാൻ സൗരോർജ്ജവേലി, ആനപ്രതിരോധ കിടങ്ങുകൾ, ആനപ്രതിരോധ മതിൽ, കല്ലുകെട്ടിയ കിടങ്ങുകൾ, ജൈവവേലികൾ, കയ്യാല എന്നിവ നിർമ്മിച്ചിട്ടുണ്ട്. വനത്തിനകത്ത് വന്യമൃഗങ്ങൾക്ക് ജലവും ഭക്ഷണവും ലഭ്യമാക്കുന്നതിന് ജലസംഭരണികളും ചെക്ക്ഡാമുകളും നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## III സബ്മിഷൻ

### (1) വനിതാപോലീസിന്റെ സേവനം

ശ്രീമതി ഗീതാ ഗോപി: അന്തിക്കാട് പോലീസ് സ്റ്റേഷനിൽ വനിതാ പോലീസിന്റെ സേവനം ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അന്തിക്കാട് പോലീസ് സ്റ്റേഷനിൽ നിലവിലുള്ള 5 തസ്തികകളിൽ 2 പേർ മാത്രമാണ് ജോലി നോക്കിവരുന്നത്. അത്യാവശ്യ സന്ദർഭങ്ങളിൽ ഇരിങ്ങാലക്കുട വനിതാപോലീസ് സ്റ്റേഷൻ, പിങ്ക് പോലീസ് എന്നിവിടങ്ങളിൽനിന്നുള്ള സേവനം ഉപയോഗപ്പെടുത്തുന്നുണ്ട്. പ്രസ്തുത പോലീസ് സ്റ്റേഷനിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നിർദ്ദേശം പോലീസ് മേധാവിക്ക് നൽകിയിട്ടുണ്ട്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

### (2) ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ഭാഷാന്യൂനപക്ഷ പദവി

ശ്രീമതി ഷാനിമോൾ ഉസ്മാൻ: ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിന് ഭാഷാന്യൂനപക്ഷ പദവി നൽകാൻ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഗൗഡസാരസ്വത ബ്രാഹ്മണ സമുദായത്തിൽപ്പെട്ടവർ മൊത്തം ജനസംഖ്യയുടെ 15 ശതമാനമോ അതിലധികമോ താമസിക്കുന്ന ലോക്കൽ ഏരിയകൾ കേരളത്തിൽ

നിലവിലില്ലാത്തതിനാൽ ടി വിഭാഗത്തിൽപ്പെട്ടവരെ ഭാഷാ ന്യൂനപക്ഷമായി അംഗീകരിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിക്കാൻ നിലവിലുള്ള വ്യവസ്ഥപ്രകാരം നിർവ്വാഹമില്ല.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

(3) നദികളിലും ഡാമുകളിലുമുള്ള മണലും ചെളിയും നീക്കംചെയ്യൽ

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: പ്രളയാനന്തരം നദികളിലും ഡാമുകളിലും അടിഞ്ഞുകൂടിയിട്ടുള്ള മണലും ചെളിയും നീക്കംചെയ്യുന്നതിനും ജില്ലാതല ദുരന്ത ലഘൂകരണനിധി രൂപീകരിക്കുന്നതിനും വെള്ളപ്പൊക്ക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സംഭരണശേഷി വർദ്ധിപ്പിക്കാനുതകുംവിധം കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള അണക്കെട്ടുകളിലെ മണൽ നീക്കം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പ്രളയാനന്തരം നദികളിൽ അടിഞ്ഞുകൂടിയ മണലും ചെളിയും നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കണമെന്ന് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

## (4) പോലീസ് സേനയിലെ ആത്മഹത്യാ നിരക്ക്

ശ്രീ. പാറക്കൽ അബ്ദുല്ല: പോലീസ് സേനയുടെ പരിശീലന പദ്ധതിയിൽ മാറ്റംവരുത്തുന്നതിനും പോലീസുകാരുടെ മാനസികക്ഷമത വർദ്ധിപ്പിക്കുന്നതിനും അവർക്കിടയിലെ ആത്മഹത്യാ പ്രവണതയെക്കുറിച്ച് പഠിക്കുന്നതിന് ഒരു സമിതിക്ക് രൂപം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): പോലീസ് സേനയിലെ അംഗങ്ങൾ ആത്മഹത്യ ചെയ്യുന്ന ദൗർഭാഗ്യകരമായ സംഭവങ്ങൾ ആവർത്തിക്കാൻ പാടില്ലെന്നുള്ളതാണ് സർക്കാരിന്റെ കാഴ്ചപ്പാട്. പോലീസ് ഉദ്യോഗസ്ഥരുടെ മാനസികക്ഷമത വർദ്ധിപ്പിക്കുന്നതിന് വിവിധ സംവിധാനങ്ങൾ ഏർപ്പെടുത്തുകയും സേനയുടെ പരിശീലന പദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തുകയും ചെയ്തിട്ടുണ്ട്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു)

## (5) ഭരണഘടനയുടെ ആമുഖം വായന

ഡോ. എം. കെ. മുനീർ: സ്കൂൾ അസംബ്ലികളിൽ ഭരണഘടനയുടെ ആമുഖം വായിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതു വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്):

വിദ്യാർത്ഥികളിൽ ഭരണഘടനാസാക്ഷരത ഉറപ്പുവരുത്തുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പ് 'നൈതികം' എന്ന പേരിൽ ഭരണഘടനയുടെ 70-ാം വാർഷികാഘോഷ പരിപാടികൾ സ്കൂളുകളിൽ സംഘടിപ്പിക്കുകയും റിപ്പബ്ലിക് ദിനത്തിൽ എല്ലാ സ്കൂൾ അസംബ്ലികളിലും ഭരണഘടനയുടെ ആമുഖം വായിക്കുകയും ചെയ്തിട്ടുണ്ട്.

(6) മുതലമൂർഖൻ കടവ് തൂക്കുപാലം

ശ്രീ. പി. കെ. ശശി: മുതലമൂർഖൻ കടവ് തൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണി നടത്തുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): പാലക്കാട് ജില്ലയിലെ വെള്ളിനേഴി ഗ്രാമപഞ്ചായത്തിലെ മുതലമൂർഖൻകടവ് തൂക്കുപാലം ദുരന്ത നിവാരണ വകുപ്പിൽ നിന്നുള്ള ഉത്തരവുപ്രകാരം നിർമ്മാണം നടത്തിയെങ്കിലും സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡമനുസരിച്ച് പാലങ്ങളുടെ പുനർനിർമ്മാണം അനുവദനീയമല്ല. റീബിൽഡ് കേരള പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകുന്നത് സംബന്ധിച്ച് പരിശോധിക്കുന്നതാണ്.

(7) കുടിവെള്ള പ്രശ്നം

ശ്രീ. മുല്ലക്കര രത്നാകരൻ: വരൾച്ച അനുഭവപ്പെടുന്ന പ്രദേശങ്ങളിൽ

കുടിവെള്ളം എത്തിക്കാനും ജലസ്രോതസ്സുകൾ നിലനിർത്താനും നിലവിലുള്ള ജലാശയങ്ങളെ സംരക്ഷിക്കാനും നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുള്ള ഉത്തരവിന്റെ അടിസ്ഥാനത്തിൽ വെള്ളം വിതരണം ചെയ്യാനുള്ള സംവിധാനം ഏർപ്പെടുത്തുകയും വാട്ടർ അതോറിറ്റിയും ജലവിഭവ വകുപ്പും ആവശ്യമായ നടപടികൾ ആരംഭിച്ചിട്ടുമുണ്ട്. വരൾച്ച ബാധിത പ്രദേശങ്ങളിൽ വെള്ളം എത്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കുന്നതാണ്.

(8) കരമന-വെള്ളറട റോഡ് നിർമ്മാണം

ശ്രീ. ഐ. ബി. സതീഷ്: കരമന-വെള്ളറട റോഡിന്റെ നിർമ്മാണപ്രവൃത്തി ത്വരിതഗതിയിലാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): കരമന-വെള്ളറട റോഡ് നിർമ്മാണത്തിന് ഭരണാനുമതിയും ഭൂമി ഏറ്റെടുക്കുന്നതിനുള്ള തുകയും നൽകിയിട്ടുണ്ട്. സാമൂഹികാഘാത പഠനം നടത്തുകയും രണ്ട് ഘട്ടങ്ങളിലായി പണി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. എക്സ്പെർട്ട് കമ്മിറ്റി സംയുക്ത സ്ഥല പരിശോധന നടത്തുകയും പി.ഡബ്ല്യു.ഡി. (ഡിസൈൻ) വിഭാഗം ടി

റോഡിന്റെ എസ്റ്റിമേറ്റ് തുക ക്ലിപ്തപ്പെടുത്തുകയും ഡി.പി.ആർ. തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതികാനുമതിയും ധനകാര്യ വകുപ്പിന്റെ അനുമതിയും ലഭ്യമാകുന്ന മുറയ്ക്ക് ടെണ്ടർ നടപടികൾ പൂർത്തിയാക്കാൻ സാധിക്കുന്നതാണ്.

(9) ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: ഗുരുവായൂർ-തിരുനാവായ റെയിൽപ്പാത യാഥാർത്ഥ്യമാക്കാൻ നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഗുരുവായൂർ-തിരുനാവായ പാതയുടെ 17.4 കിലോ മീറ്റർ തൃശ്ശൂർ ജില്ലയിലും 21.8 കിലോ മീറ്റർ മലപ്പുറം ജില്ലയിലുമായാണ് നിർമ്മിക്കാൻ തീരുമാനിച്ചത്. തൃശ്ശൂർ ജില്ലയിൽ ലൊക്കേഷൻ സർവ്വേ പൂർത്തിയായിട്ടുണ്ടെങ്കിലും ജനങ്ങളുടെ എതിർപ്പുകാരണം ഭൂമി ഏറ്റെടുക്കൽ നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നില്ല. സർവ്വേ നടപടിക്കാവശ്യമായ പോലീസ് സംരക്ഷണം ലഭ്യമാക്കാൻ അധികാരികളോട് ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനത്തിന്റെ നിലവിലെ സാമ്പത്തികസ്ഥിതി കണക്കിലെടുത്ത് പദ്ധതിക്കാവശ്യമായ തുക മുഴുവൻ കേന്ദ്ര റെയിൽവേ മന്ത്രാലയം വഹിക്കണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രിയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ഭൂമി

ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട വിഷയം പ്രദേശത്തെ ജനപ്രതിനിധികളും കളക്ടറും ചേർന്ന് ചർച്ച ചെയ്ത് പരിഹരിക്കേണ്ടതാണ്.

(10) അപ്രോച്ച് റോഡ് നിർമ്മാണം

ശ്രീ. സി. മമ്മൂട്ടി: തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മാണ പ്രവൃത്തി ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): തിരൂർ താഴെപാലം അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിനുള്ള സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുകയും ടി പ്രവൃത്തി വേഗത്തിലാക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുകയും ചെയ്യുന്നതാണ്.

(11) വരയന്നൂർ അക്വഡക്ടിന്റെ പുനർനിർമ്മാണം

ശ്രീമതി വീണാ ജോർജ്ജ്: പമ്പ ഇറിഗേഷൻ പ്രോജക്ടിലെ വരയന്നൂർ അക്വഡക്ട് പുനർനിർമ്മിക്കുന്നതിനും കുടിവെള്ളത്തിനും കൃഷിക്കുമായി ബദൽ സംവിധാനം ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പത്തനംതിട്ട ജില്ലയിലെ കോയിപ്രം പഞ്ചായത്തിലൂടെ കടന്നുപോകുന്ന പമ്പ ജലസേചന പദ്ധതി വലതുകര കനാലിന്റെ ചെയിനേജ് പുതുക്കിപ്പണിയുന്നതിനുള്ള ഡി.പി.ആർ. 'റീ ബിൽഡ് കേരള' പദ്ധതിയിൽ സമർപ്പിച്ചിരുന്നുവെങ്കിലും

145 ലക്ഷം രൂപയ്ക്ക് മാത്രമേ അനുമതി ലഭിച്ചിരുന്നുള്ളൂ. മുഴുവൻ തുകയും ആവശ്യമായതിനാൽ പുതുക്കിയ അനുമതി ലഭ്യമാക്കി പ്രവൃത്തി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സ്ഥലം എം.എൽ.എ.-യുമായി ആലോചിച്ച് ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(12) ജലസേചന വകുപ്പിന്റെ സ്ഥലം കൈമാറ്റം

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: ജലസേചന വകുപ്പിന്റെ അധീനതയിലുള്ള പെരിയാർവാലിയുടെ ഒരേക്കർ പത്ത് സെന്റ് സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറാൻ നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. കെ. കൃഷ്ണൻകുട്ടി): പി.വി.ഐ.പി. ജീവനക്കാരുടെ ക്വാർട്ടേഴ്സുകളുടെ സുരക്ഷ ഉറപ്പുവരുത്തുന്നതിന് മതിൽകെട്ടി വേർതിരിക്കണമെന്ന വ്യവസ്ഥകൂടി ഉൾപ്പെടുത്തി പെരുമ്പാവൂർ പട്ടാലിൽ പി.വി.ഐ.പി. കോമ്പൗണ്ടിലുള്ള ഒരേക്കർ 10 സെന്റ് സ്ഥലം മോട്ടോർ വാഹന വകുപ്പിന് കൈമാറുന്ന കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(13) തൊഴിൽ നിയമങ്ങൾ

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: തൊഴിലാളി വിരുദ്ധവും തൊഴിൽ മേഖലയിൽ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്നതുമായ നിയമങ്ങൾ കേന്ദ്ര

സർക്കാർ രൂപീകരിക്കുന്ന സാഹചര്യത്തിൽ നിയമസഭ ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കാൻ നടപടി സ്വീകരിക്കണം.

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): കേന്ദ്ര സർക്കാർ തൊഴിൽ നിയമങ്ങളും അനുബന്ധ ചട്ടങ്ങളും രൂപീകരിക്കുന്ന അവസരത്തിൽ സംസ്ഥാന സർക്കാരിൽ നിക്ഷിപ്തമായ അധികാരമുപയോഗിച്ച് തൊഴിലാളി താൽപര്യങ്ങൾ പരമാവധി സംരക്ഷിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

(വിശദമായ മറുപടി മേശപ്പുറത്തുവച്ചു.)

(14) റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്

ശ്രീ. എം. സി. കമറുദ്ദീൻ: മഞ്ചേശ്വരം കേന്ദ്രമായി ഒരു റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിക്കാൻ നടപടി സ്വീകരിക്കണം.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): മഞ്ചേശ്വരത്ത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഫയൽ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. ഓഫീസ് യാഥാർത്ഥ്യമാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(15) ആറ്റുകാൽ പൊങ്കാലയുമായി ബന്ധപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ

ശ്രീ. ഒ. രാജഗോപാൽ: കരാറുകാർക്കുള്ള കുടിശ്ശിക അടിയന്തരമായി

നൽകി റോഡ് നിർമ്മാണമുൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് ഏർപ്പെടുത്താൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): ആറ്റുകാൽ പൊങ്കാലയോടനുബന്ധിച്ച് 19 സ്വീവേജ് പ്രവൃത്തികൾക്കുള്ള തുക നൽകിയിട്ടുള്ളതും ശേഷിക്കുന്ന പ്രവൃത്തികളുടേത് നിലവിലുള്ള ഫണ്ടിൽനിന്ന് വിതരണം ചെയ്യുന്നതുമാണ്. സാമ്പത്തിക പ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്തി പൊങ്കാലയോടനുബന്ധിച്ച് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(16) റെസ്റ്റ് ഹൗസ്

ശ്രീ. ഡി. കെ. മുരളി: വെഞ്ഞാറമൂട്ടിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഭൂമിയിൽ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിന്റെ നിരാക്ഷേപ സാക്ഷ്യപത്രം ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): വെഞ്ഞാറമൂട്ടിൽ വാമനപുരം ബ്ലോക്ക് പഞ്ചായത്ത് ഭൂമിയിൽ പി.ഡബ്ല്യു.ഡി. റെസ്റ്റ് ഹൗസ് നിർമ്മാണത്തിന് തദ്ദേശസ്വയംഭരണ വകുപ്പിൽനിന്നുള്ള

അനുമതി ലഭ്യമാക്കുന്ന കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കാൻ തിരുവനന്തപുരം ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

(17) പാകവായി പാലം പുനർനിർമ്മാണം

ശ്രീ. ഇ. കെ. വിജയൻ: പ്രളയാനന്തരം തകർന്ന നാദാപുരം മണ്ഡലത്തിലെ നരിപ്പറ്റ-വാണിമേൽ റോഡുകളെ ബന്ധിപ്പിക്കുന്ന പാകവായി പാലം പുനർനിർമ്മിക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): പ്രളയത്തിൽ തകർന്ന പാകവായി പാലം പുനർനിർമ്മിക്കുന്നതിന് 270 ലക്ഷം രൂപയുടെ ഡി.പി.ആർ.-ന്മേൽ ഭരണാനുമതിക്കുള്ള നടപടി സ്വീകരിക്കുന്നതാണ്.

(18) പാർപ്പിട പ്രശ്നം

ശ്രീ. കെ. ബാബു: പറമ്പിക്കുളം ഡാം നിർമ്മാണം ആരംഭിച്ച ഘട്ടത്തിൽ മാറ്റിപ്പാർപ്പിക്കപ്പെട്ട ആദിവാസികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കാൻ നടപടി സ്വീകരിക്കണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കുവേണ്ടി ഗതാഗത വകുപ്പുമന്ത്രി (ശ്രീ. എ. കെ. ശശീന്ദ്രൻ): പറമ്പിക്കുളം ഡാം നിർമ്മാണ

സമയത്ത് കടവുകോളനിയിലേയ്ക്ക് മാറ്റിപ്പാർപ്പിക്കപ്പെട്ട കുടുംബങ്ങൾക്ക് സ്ഥലപരിമിതിമൂലം ലൈഫ് മിഷൻ പദ്ധതിയിലുൾപ്പെടുത്തി വീട് നിർമ്മിക്കാൻ കഴിയാത്ത സാഹചര്യമുള്ളതിനാൽ വനാവകാശ നിയമപ്രകാരം കൂടുതൽ സ്ഥലം നൽകുന്ന കാര്യം പരിശോധിച്ചുവരികയാണ്. പറമ്പിക്കുളം എർത്ത് ഡാം കോളനിയിൽ താമസിക്കുന്ന 38 കുടുംബങ്ങൾക്ക് കോളനിയോടുചേർന്ന വനപ്രദേശത്ത് താല്ക്കാലിക താമസ സൗകര്യമൊരുക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. പറമ്പിക്കുളം ടൈഗർ റിസർവ് പദ്ധതിയിലുൾപ്പെട്ട പട്ടികവർഗ്ഗ കോളനികളുടെ സമഗ്ര വികസനത്തിന് വനം, റവന്യൂ, തദ്ദേശസ്വയംഭരണ വകുപ്പുകളുടെ സംയുക്തയോഗം വിളിച്ചുചേർത്ത് നടപടി സ്വീകരിക്കുന്നതാണ്.

(19) കാസർഗോഡ് മെഡിക്കൽ കോളേജ്

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: കിഫ്ബിയിലുൾപ്പെടുത്തി കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണപ്രവൃത്തികൾ പൂർത്തീകരിക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നിർവ്വഹണ ഏജൻസിയെ തീരുമാനിച്ച് പദ്ധതി സമർപ്പിക്കുന്ന മുറയ്ക്ക് കാസർഗോഡ് മെഡിക്കൽ കോളേജിന്റെ നിർമ്മാണ പ്രവൃത്തികൾ

കിഫ്ബിയിലുൾപ്പെടുത്തി നടത്തുന്നതാണ്.

## (20) ആസ്തിവികസന ഫണ്ട്

ശ്രീമതി യു. പ്രതിഭ: ഡേറ്റ് ഓഫ് കംപ്ലീഷനിൽ ആനുപാതികമായ മാറ്റം വരുത്തി എം.എൽ.എ. ഫണ്ടുപയോഗിച്ച് ചെയ്യുന്ന പ്രവൃത്തികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): എസ്റ്റിമേറ്റ് തയ്യാറാക്കി സമയബന്ധിതമായി പ്രവൃത്തികൾ പൂർത്തീകരിക്കുന്നതിനും മോണിറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുന്നതിനും കളക്ടർമാരുമായി ചർച്ച ചെയ്ത് നടപടി സ്വീകരിക്കുന്നതാണ്.

## (21) മരങ്ങളുടെ വിലനിർണ്ണയം

ശ്രീ. എൽദോ എബ്രഹാം: സർക്കാരിന്റെ പൊതുവായ വികസന പദ്ധതികളിലുൾപ്പെട്ട ഭൂമിയിലും ഭവനരഹിതർക്ക് നൽകിയ ഭൂമിയിലും നിർമ്മാണ പ്രവർത്തനങ്ങൾക്ക് തടസ്സമായി നിൽക്കുന്ന മരങ്ങളുടെ വില പുതുക്കി നിശ്ചയിച്ച് ലേലനടപടികൾ സുഗമമാക്കണം.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): മരങ്ങൾക്ക് വനം വകുപ്പ് നിശ്ചയിച്ച വില ലഭിക്കാത്ത സാഹചര്യത്തിൽ

കാരണം വ്യക്തമാക്കി ലേലം സ്ഥിരപ്പെടുത്താൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കും പട്ടയ, പുറമ്പോക്ക്, മിച്ചഭൂമികളിൽ നിൽക്കുന്ന ഉണങ്ങിയതും കേടുവന്നതുമായ മരങ്ങൾ നിലവിലെ വിലയ്ക്ക് ലേലം ചെയ്യാൻ കഴിയാത്തതിനാൽ ലഭ്യമാകുന്ന പരമാവധി വിലയ്ക്ക് ലേലം ഉറപ്പിക്കാൻ ബന്ധപ്പെട്ട ജില്ലാകളക്ടർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

## IV മേശപ്പുറത്തുവച്ച കടലാസുകൾ

കാര്യവിവരപ്പട്ടികയിലെ ലിസ്റ്റ് 1, ലിസ്റ്റ് 2 [ചട്ടം 47(2)] പ്രകാരമുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V ചട്ടത്തിനുള്ള ഭേദഗതികളുടെ പരിഗണന

1. 2017-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസിനുള്ള ഭേദഗതികൾ

ശ്രീ. എം. വിൻസെന്റ്: 2017-ലെ കേരള സെക്രട്ടേറിയറ്റ് സബോർഡിനേറ്റ് സർവ്വീസ് (അമെന്റ്മെന്റ്) സ്പെഷ്യൽ റൂൾസിനുള്ള ഭേദഗതി അവതരിപ്പിക്കുന്നു. സെക്രട്ടേറിയറ്റ്/പി.എസ്.സി./സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ്/അഡ്വക്കേറ്റ് ജനറൽ ഓഫീസ് എന്നിവിടങ്ങളിലെ ഓഫീസ് അറ്റൻഡന്റുമാർക്ക് പ്രൊമോഷൻ ലഭിക്കുന്നതിനുള്ള അനുപാതം വർദ്ധിപ്പിക്കുന്നതിനാണ് ഭേദഗതി.

മുഖ്യമന്ത്രി (ശ്രീ പിണറായി വിജയൻ): സെക്രട്ടേറിയറ്റിലെ താഴ്ന്ന

വിഭാഗം ജീവനക്കാർക്കായി നീക്കിവച്ചിരുന്ന അസിസ്റ്റന്റ് തസ്തികയിലെ 2 ശതമാനം ഒഴിവ് 4 ശതമാനമായി വർദ്ധിപ്പിച്ചിട്ടുണ്ട്. നിലവിലെ അനുപാതം 20 ശതമാനമായി ഉയർത്തുന്നത് പ്രായോഗിക പ്രശ്നങ്ങൾ സൃഷ്ടിക്കും. താഴ്ന്ന വിഭാഗം ജീവനക്കാരുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കുന്നതോടൊപ്പം നേരിട്ട് നിയമനം ലഭിക്കുന്നവരുടെ അവകാശങ്ങളും സർവ്വീസിന്റെ കാര്യക്ഷമതയും നിലനിർത്തേണ്ടതുള്ളതിനാൽ ഭേദഗതി സ്വീകരിക്കുന്നില്ല.

ഭേദഗതി സഭ നിരാകരിച്ചു.

2. 2019-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടങ്ങൾക്കുള്ള ഭേദഗതി

ശ്രീ. എം. ഉമ്മർ: ഖണ്ഡം (2) പ്രകാരം ഭേദഗതി ചെയ്ത 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ ചട്ടം 10-ലെ ഇനം (i), (ii), (iii), (iv), (vi), (vii), (ix) (എ), (ix) (ബി) എന്നിവയ്ക്ക് നേരെയുള്ള മൂന്നാം ഉൾക്കുറിപ്പിലെ '25' എന്ന അക്കം ഒഴിവാക്കുക എന്ന ഭേദഗതി അവതരിപ്പിക്കുന്നു. 2019-ലെ കേരള പ്രത്യേക വിവാഹ (ഭേദഗതി) ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് വർദ്ധിപ്പിച്ചപ്പോൾ 25 പൈസയുടെ കണക്ക് ഉൾപ്പെടുത്തിയത് പ്രായോഗിക ബുദ്ധിമുട്ടുണ്ടാക്കുന്നതാണ്. റിസർവ് ബാങ്ക് 25 പൈസയുടെ ക്രയവിക്രയം പിൻവലിച്ചിരിക്കുന്ന സാഹചര്യത്തിൽ

മൂന്നാം ഉൾക്കുറിപ്പിലെ 25 എന്ന അക്കം ഒഴിവാക്കണമെന്നതാണ് ഭേദഗതി.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): ഭേദഗതി അംഗീകരിക്കുന്നു. സർക്കാർ വകുപ്പുകൾ, പൊതുമേഖലാ, ഗ്രാന്റ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേന സർക്കാർ നൽകുന്ന എല്ലാ സേവനങ്ങൾക്കും നിലവിലുള്ള ഫീസ് ചാർജ് 2019-20 സാമ്പത്തിക വർഷത്തിൽ 5% വർദ്ധനവ് വരുത്താൻ തീരുമാനിച്ചതിന്റെ ഭാഗമായി 1958-ലെ കേരള പ്രത്യേക വിവാഹ ചട്ടങ്ങളിലെ 10-ാം ചട്ടപ്രകാരം വിവാഹ ഉദ്യോഗസ്ഥൻ വസൂലാക്കേണ്ട ഫീസ് നിരക്കുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. 5% വർദ്ധനവ് കണക്കാക്കിയാൽ 25 പൈസയും 50 പൈസയും ഉൾപ്പെട്ടിരുന്നതിൽ 25 പൈസ ഒഴിവാക്കണമെന്ന ആവശ്യം അംഗീകരിച്ചുകൊണ്ട് മൂന്നാം ഉൾക്കുറിപ്പിലെ 25 പൈസ വിട്ടുകളഞ്ഞുകൊണ്ടും 5, 8 ഇനങ്ങളിലെ 50 പൈസ ഒരു രൂപയാക്കി ഉയർത്തിക്കൊണ്ടും ഭേദഗതി വരുത്തി പുതുക്കിയ വിജ്ഞാപനം പുറപ്പെടുവിക്കുന്നതാണ്.

ഭേദഗതി സഭ അംഗീകരിച്ചു.

## VI റിപ്പോർട്ടുകളുടെ സമർപ്പണം

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ 48 മുതൽ 52 വരെയുള്ള റിപ്പോർട്ടുകൾ സമർപ്പിക്കപ്പെട്ടു.

## VII ക്രമപ്രശ്നം

(1) ചട്ടങ്ങൾ ഇംഗ്ലീഷിൽ പുറപ്പെടുവിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടം 166 (1) പ്രകാരം 05-02-2020-ന് മേശപ്പുറത്തുവച്ച ഇനം 2, ഇനം 12 എന്നീ എസ്.ആർ.ഒ.-കൾ ഇംഗ്ലീഷിൽ പ്രസിദ്ധീകരിച്ചിരിക്കുന്നതിനാൽ പ്രസ്തുത എസ്.ആർ.ഒ.-കളിന്മേൽ അംഗങ്ങൾക്ക് ഭേദഗതി നിർദ്ദേശിക്കാൻ പ്രായോഗിക ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ നിയമസഭ പാസ്സാക്കുന്ന മൂലനിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാള ഭാഷയിൽത്തന്നെ പുറപ്പെടുവിക്കണമെന്ന വിഷയത്തിൽ റൂളിംഗ് നൽകുന്നതോടൊപ്പം പ്രസ്തുത എസ്.ആർ.ഒ.-കൾ പിൻവലിക്കുന്നതിനും നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): കേരള നിയമസഭ പാസ്സാക്കിയ 2019-ലെ കേരള സൂക്ഷ്മ

ചെറുകിട വ്യവസായ സ്ഥാപനങ്ങൾ സുഗമമാക്കൽ ആക്ട് ഇംഗ്ലീഷിലും മലയാളത്തിലും ഗസറ്റിൽ പ്രസിദ്ധീകരിച്ചിട്ടുള്ളതും ഇംഗ്ലീഷിലുള്ള ചട്ടങ്ങൾ ഗസറ്റിൽ പ്രസിദ്ധീകരിച്ച് 05-02-2020-ന് സഭയുടെ മേശപ്പുറത്തുവയ്ക്കുകയും ചെയ്തിട്ടുള്ളതാണ്. ജനുവരി ആദ്യവാരം കൊച്ചിയിൽ നടന്ന നിക്ഷേപ സംഗമത്തിൽ വിദേശികൾകൂടി പങ്കെടുക്കുമെന്നതിനാലാണ് ചട്ടങ്ങൾ ഇംഗ്ലീഷിൽ പ്രസിദ്ധപ്പെടുത്തിയത്. ആയതിന്റെ മലയാളം പതിപ്പ് നിയമവകുപ്പിന്റെ സൂക്ഷ്മ പരിശോധനയോടുകൂടി ഉടൻതന്നെ പ്രസിദ്ധീകരിക്കുന്നതാണ്.

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): 2019-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളും 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളും ഇംഗ്ലീഷിലും മലയാളത്തിലും ഒരുമിച്ച് പ്രസിദ്ധീകരിക്കാൻ തീരുമാനിക്കുകയും കരട് ചട്ടങ്ങൾ തയ്യാറാക്കാൻ ചീഫ് ടൗൺ പ്ലാനർക്ക് നിർദ്ദേശം നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ മലയാളത്തിലെ ചട്ടങ്ങൾ തയ്യാറാക്കിവരികയാണ്. കേരളത്തിലെ ചില പ്രദേശങ്ങളിൽ കെട്ടിടനിർമ്മാണ വ്യവസ്ഥകൾ ലളിതമാക്കുന്നതിനായി പ്രത്യേക കമ്മിറ്റികൾ രൂപീകരിക്കുന്നതിനുള്ള വ്യവസ്ഥകൾ ഉൾപ്പെടുത്തിയ അടിയന്തര സാഹചര്യത്തിലാണ് ഇംഗ്ലീഷിൽ

ചട്ടങ്ങൾ പ്രസിദ്ധീകരിക്കേണ്ടിവന്നത്. ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുന്നതാണ്.

(2) <u>ചോദ്യങ്ങൾക്ക് ഉത്തരം നൽകുന്നതിലെ കാലതാമസം</u>

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): ചോദ്യങ്ങൾക്ക് യഥാസമയം ഉത്തരം ലഭ്യമാക്കുന്ന കാര്യത്തിൽ മന്ത്രിമാർ ജാഗ്രത പുലർത്താതിരിക്കുന്നത് ചട്ടലംഘനവും സഭയോടുള്ള അവഹേളനവുമാണ്. ഇക്കാര്യത്തിൽ അംഗങ്ങളുടെ ന്യായമായ അവകാശങ്ങൾ സംരക്ഷിക്കാൻ നടപടിയുണ്ടാകണം.

മുഖ്യമന്ത്രി (<u>ശ്രീ. പിണറായി വിജയൻ</u>): ചോദ്യങ്ങൾക്ക് മറുപടി ലഭിക്കാനുണ്ടാകുന്ന കാലതാമസം സംബന്ധിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(3) <u>ഉപധനാഭ്യർത്ഥന പാസ്സാക്കാത്തത് സംബന്ധിച്ച്</u>

<u>ശ്രീ. വി. ഡി. സതീശൻ</u>: 2019-20-ലെ ഉപധനാഭ്യർത്ഥനകൾ സംബന്ധിച്ച അപ്രോപ്രിയേഷൻ ബിൽ നടപ്പ് സമ്മേളനത്തിൽത്തന്നെ ചർച്ച ചെയ്ത് പാസ്സാക്കാത്ത നടപടി സ്പീക്കറുടെ റൂളിംഗുകൾക്ക് വിരുദ്ധമാണ്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകപ്പുമന്ത്രി (<u>ശ്രീ. എ. കെ ബാലൻ</u>):

ബി.എ.സി.യുടെ ശിപാർശ പ്രകാരമാണ് 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിനോടൊപ്പം 2019-20-ലെ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റും 07.02.2020-ന് സഭയുടെ മേശപ്പുറത്ത് വച്ചത്. 2019-20 സാമ്പത്തിക വർഷത്തെ ഉപധനാഭ്യർത്ഥനകൾ ചട്ടപ്രകാരം 2020 മാർച്ച് മാസത്തിൽ പാസ്സാക്കുന്നതിനായി സഭയുടെ അടുത്ത സമ്മേളനത്തിൽ ആദ്യംതന്നെ ചർച്ച ചെയ്യുന്നതാണ്.

**റൂളിംഗ്**

മി. സ്പീക്കർ: ശ്രീ. എം. ഉമ്മർ ഉന്നയിച്ച ക്രമപ്രശ്നവും വകുപ്പുമന്ത്രിമാരുടെ വിശദീകരണവും ചെയർ പരിശോധിച്ചു. മലയാള ഭാഷയിൽ പാസ്സാക്കിയ ഒരു മൂലനിയമത്തിന്മേൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ ആദ്യംതന്നെ ഇംഗ്ലീഷ് ഭാഷയിൽ പുറപ്പെടുവിക്കുന്നത് അംഗീകരിക്കാനാവില്ല. ഏതെങ്കിലും കാരണത്താൽ മലയാളത്തിൽ പുറപ്പെടുവിച്ച ചട്ടങ്ങളുടെ ഇംഗ്ലീഷ് ഭാഷ അനിവാര്യമാണെന്നു തോന്നുന്നപക്ഷം മലയാളം ചട്ടങ്ങളുടെ ഇംഗ്ലീഷ് പരിഭാഷകൂടി പുറപ്പെടുവിക്കണമായിരുന്നു. മലയാളത്തിൽ പാസ്സാക്കുന്ന മൂലനിയമത്തെ അടിസ്ഥാനമാക്കി ആദ്യം മലയാള ഭാഷയിൽത്തന്നെ ചട്ടങ്ങൾ പുറപ്പെടുവിക്കേണ്ടതാണ്. അംഗങ്ങളുടെ ന്യായമായ അവകാശം

നിഷേധിക്കപ്പെടുന്ന സാഹചര്യം ഉണ്ടാകുന്നപക്ഷം ബന്ധപ്പെട്ടവർക്കെതിരെ അവകാശലംഘനത്തിന് നടപടി സ്വീകരിക്കുന്നതാണ്.

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം, 1994-ലെ കേരള മുനിസിപ്പാലിറ്റി നിയമം എന്നിവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള സുപ്രധാന കെട്ടിട നിർമ്മാണ ചട്ടങ്ങൾ വിഷയനിർണ്ണയ സമിതികളുടെ പരിശോധന കൂടാതെ പുറപ്പെടുവിച്ചിരിക്കുന്നത് ടി സമിതികളുടെ ഉദ്ദേശ്യശുദ്ധിയെത്തന്നെ ചോദ്യം ചെയ്യുന്നതാണ്. ഇത്തരം നടപടികൾ ഒഴിവാക്കേണ്ടതാണ്.

ശ്രീ. വി. ഡി. സതീശന്റെ ക്രമപ്രശ്നവും പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിയുടെ വിശദീകരണവും ചെയർ പരിശോധിച്ചു. സാധാരണഗതിയിൽ ഉപധനാഭ്യർത്ഥനകളുടെ സ്റ്റേറ്റ്മെന്റ് മേശപ്പുറത്തുവച്ചാൽ അതേ സമ്മേളനത്തിൽത്തന്നെ ചർച്ച ചെയ്ത് പാസ്സാക്കുന്നതാണ് കീഴ്വഴക്കം. എന്നാൽ ഈ വർഷം Vote on Account കൂടാതെ സമ്പൂർണ്ണ ബജറ്റ് പാസ്സാക്കാനുള്ള ശ്രമത്തിലാണ്. ബജറ്റ് സ്കൂട്ടിനിക്കുശേഷം മാർച്ച് 31-ന് മുമ്പായി ബജറ്റ് സമ്പൂർണ്ണമായി ചർച്ച ചെയ്ത് പാസ്സാക്കേണ്ടതുണ്ട്. ഇക്കാര്യത്തിൽ നടപടിക്രമത്തിൽ വീഴ്ചയില്ലാത്തതിനാലും സഭയുടെ അടുത്ത സമ്മേളനത്തിന്റെ

പ്രാരംഭത്തിൽത്തന്നെ ഇതിനായുള്ള സമയം ക്രമീകരിക്കുന്നതാണെന്ന മന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

നിയമസഭാ ചോദ്യങ്ങൾക്ക് യഥാസമയം മറുപടി ലഭിക്കാത്തതു സംബന്ധിച്ച് നിരവധി തവണ ക്രമപ്രശ്നങ്ങൾ ഉന്നയിക്കപ്പെട്ടിട്ടുള്ളതും റൂളിംഗ് നൽകിയിട്ടുള്ളതുമാണ്. ഇവിടെ ഉന്നയിച്ച ക്രമപ്രശ്നത്തിൽ സൂചിപ്പിച്ചിട്ടുള്ള ചോദ്യങ്ങളിൽ ബഹുഭൂരിപക്ഷം മറുപടിയും ഡിലേ സ്റ്റേറ്റ്മെന്റ് സഹിതം ലഭ്യമാക്കിയിരുന്നുവെങ്കിലും പ്രസ്തുത ഡിലേ സ്റ്റേറ്റ്മെന്റുകൾ സർക്കാർ സർക്കുലറിലൂടെ നിഷ്കർഷിച്ചിരുന്ന മാതൃകയിലല്ലാത്തതിനാൽ റിവൈസ് ചെയ്യുന്നതിനായി തിരിച്ചയയ്ക്കുകയുണ്ടായി. അവ ഉൾപ്പെടെയുള്ള മറുപടികളാണ് കുടിശ്ശികയായി നിൽക്കുന്നത്. ഗവൺമെന്റ് നിഷ്കർഷിച്ച മാതൃകയിൽനിന്നും വിരുദ്ധമായി തയ്യാറാക്കി ലഭ്യമാക്കുന്ന ഡിലേ സ്റ്റേറ്റ്മെന്റുകൾ ഒരു കാരണവശാലും സ്വീകരിക്കാൻ കഴിയുന്നവയല്ല. ഈ സാഹചര്യത്തിൽ പുതുക്കിയ ഡിലേ സ്റ്റേറ്റ്മെന്റുകൾ ഉൾപ്പെടുത്തി കുടിശ്ശികയുള്ള എല്ലാ ചോദ്യങ്ങൾക്കുമുള്ള മറുപടി അടിയന്തരമായി ലഭ്യമാക്കുവാൻ ബന്ധപ്പെട്ട വകുപ്പുകൾ നടപടി സ്വീകരിക്കണമെന്നും ഇനി നൽകാനുള്ള ചോദ്യങ്ങളുടെ

മറുപടികൾക്കൂടി അടിയന്തരമായി ലഭ്യമാക്കേണ്ടതാണെന്നും റൂൾ ചെയ്യുന്നു.

## VIII വ്യക്തിപരമായ വിശദീകരണം

### ഏറനാട് എം.എൽ.എ.യുടെ പരാമർശം

ശ്രീ. എം. നൗഷാദ്: വർഗ്ഗീയ പാർട്ടികളുടെയും എസ്.ഡി.പി.ഐ. ഉൾപ്പെടെയുള്ള സംഘടനകളുടെയും പിൻതുണയോടുകൂടിയാണ് കഴിഞ്ഞ വർഷം കൊല്ലം കോർപ്പറേഷൻ ഡെപ്യൂട്ടി മേയറായി ഞാൻ തെരഞ്ഞെടുക്കപ്പെട്ടതെന്ന് ശ്രീ. പി. കെ. ബഷീറിന്റെ പരാമർശം അടിസ്ഥാനരഹിതമാണ്. 2005-ലെ കോർപ്പറേഷൻ തെരഞ്ഞെടുപ്പിൽ ലീഗ് ജില്ലാ പ്രസിഡന്റായിരുന്ന ശ്രീ. യൂനസ് കുഞ്ഞിനെ തോൽപ്പിച്ചതുമുതൽ തുടങ്ങിയ വ്യക്തിപരമായ ആക്ഷേപങ്ങളുടെ തുടർച്ചയായിട്ടാണ് ഈ പരാമർശം ഉന്നയിച്ചിരിക്കുന്നത്.

## IX ധനകാര്യം

### 2020-2021 സാമ്പത്തിക വർഷത്തേയ്ക്കുള്ള ബജറ്റിനെ സംബന്ധിച്ച പൊതു ചർച്ച

ശ്രീ. കെ. ദാസൻ: ബജറ്റിനെ അനുകൂലിക്കുന്നു. ഇരുപത്തിയഞ്ച് രൂപയ്ക്ക് ഭക്ഷണം ലഭ്യമാകുന്ന ആയിരം ഹോട്ടലുകൾ കുടുംബശ്രീ മുഖേന ആരംഭിക്കാനും പച്ചക്കറി കൃഷി ജനകീയമാക്കാനുമുള്ള തീരുമാനവും നെൽകൃഷിക്ക് നാൽപ്പത് കോടി രൂപ വകയിരുത്തിയ നടപടിയും

സ്വാഗതാർഹമാണ്. ക്യാൻസർ/ഹൃദ്രോഗ ബാധിതർക്ക് ആശ്വാസകരമായ നടപടികൾ ബജറ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഗ്രാമീണ റോഡുകൾക്കും ജലപാതയ്ക്കും അതിവേഗ റെയിൽ പദ്ധതികൾക്കും മുന്തിയ പരിഗണനയാണ് ബജറ്റിൽ നൽകിയിട്ടുള്ളത്. തീരദേശ മേഖലയിലെ സ്കൂളുകൾക്ക് കിഫ്ബി മുഖേന ഫണ്ട് ലഭ്യമാക്കാനുള്ള തീരുമാനത്തെ സ്വാഗതം ചെയ്യുന്നു. രാഷ്ട്രീയ ഭേദമെന്യേ എല്ലാ മണ്ഡലങ്ങൾക്കും തുക അനുവദിച്ച് വികസിത കേരളമെന്ന സ്വപ്നസാക്ഷാത്കാരത്തിനാണ് സർക്കാർ ശ്രമിക്കുന്നത്.

ശ്രീ. എം. വിൻസെന്റ്: ബജറ്റിനെ എതിർക്കുന്നു. പ്രാവർത്തികമാക്കാൻ സാധിക്കാത്ത പ്രഖ്യാപനങ്ങളാണ് ബജറ്റിലുള്ളത്. വികലമായ ധനകാര്യ നയം കേരളത്തെ ധനപ്രതിസന്ധിയിലേയ്ക്ക് നയിച്ചിരിക്കുകയാണ്. കൈത്തറി മേഖല പൂർണ്ണമായും സ്തംഭനാവസ്ഥയിലാണ്. തിരുവനന്തപുരം ജില്ലയെ ബജറ്റിൽ സമ്പൂർണ്ണമായി അവഗണിച്ചിരിക്കുകയാണ്. വിഴിഞ്ഞം പദ്ധതിക്കാവശ്യമായ തുക വകയിരുത്താനും കാഞ്ഞിരംകുളം ഗവൺമെന്റ് കോളേജിനാവശ്യമായ ഭൂമി ഏറ്റെടുക്കാനും തുക അനുവദിക്കണം.

ശ്രീമതി ഗീതാ ഗോപി: ബജറ്റിനെ അനുകൂലിക്കുന്നു. തീരദേശ മേഖലയായ നാട്ടികയുടെ സമഗ്ര വികസനത്തിനായി തുക അനുവദിച്ച സർക്കാരിനെ അഭിനന്ദിക്കുന്നു. സംസ്ഥാനത്ത് ആരോഗ്യ-വിദ്യാഭ്യാസ-

കാർഷിക മേഖലകളിൽ ലോകത്തിനുതന്നെ മാതൃകയാകുംവിധമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സാധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാരിന്റെ വികലമായ നയസമീപനങ്ങളോടുള്ള പ്രതിപക്ഷ നിലപാട് വ്യക്തമാക്കണം.

ശ്രീ. അബ്ദുൽ ഹമീദ്. പി.: ബജറ്റിനെ എതിർക്കുന്നു. പ്രതിപക്ഷാംഗങ്ങളെ പൂർണ്ണമായും മലപ്പുറം ജില്ലയെ പ്രത്യേകിച്ചും അവഗണിച്ച ബജറ്റാണിത്. ജനവിരുദ്ധവും യാഥാർത്ഥ്യബോധത്തിന് നിരക്കാത്തതുമായ ബജറ്റ് അമിത നികുതിഭാരം ജനങ്ങളിൽ അടിച്ചേൽപ്പിക്കുകയും വിലക്കയറ്റത്തിനിടയാക്കുകയും ചെയ്യും. ആരോഗ്യ-വിദ്യാഭ്യാസ-ഗതാഗത-സാമൂഹ്യക്ഷേമ മേഖലകളിൽ എം.എൽ.എ.-മാർ സമർപ്പിച്ച പദ്ധതികൾക്ക് 100 രൂപയുടെ ടോക്കൺ പ്രൊവിഷൻ മാത്രമുൾപ്പെടുത്തിയ നടപടി പരിശോധിക്കണം. ജലജീവൻ മിഷനിലുൾപ്പെടുത്തി ചീക്കോട് കുടിവെള്ള പദ്ധതി പള്ളിക്കൽ പഞ്ചായത്തിലേയ്ക്ക് ദീർഘിപ്പിക്കുന്നതിന് തുക അനുവദിക്കണം. തേഞ്ഞിപ്പലം, മൂന്നിയൂർ, പെരുവള്ളൂർ, പേരാമ്പ്ര, വള്ളിക്കുന്ന് പഞ്ചായത്തുകളിലെ കാലഹരണപ്പെട്ട കുടിവെള്ള പദ്ധതികൾ പുനരുദ്ധരിക്കാനും പള്ളിക്കൽ പി.എച്ച്.സി.യെ അപ്ഗ്രേഡ് ചെയ്യാനും

കോഴിക്കോട് സർവ്വകലാശാല സ്റ്റേഡിയം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്താൻ സമർപ്പിച്ച പ്രൊപ്പോസലിന് അംഗീകാരം നൽകാനും ഫണ്ട് അനുവദിക്കാനും നടപടി സ്വീകരിക്കണം.

ശ്രീ. കെ. ബാബു: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന് അർഹതപ്പെട്ട ധനസഹായം നൽകാത്ത കേന്ദ്ര നിലപാടിനെതിരെയുള്ള സമീപനം ശക്തമാക്കണം. ക്ഷേമപെൻഷനുകൾ വർദ്ധിപ്പിക്കാനും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അർഹതപ്പെട്ടവർക്ക് ബാങ്ക് അക്കൗണ്ടുകളിൽ സഹായമെത്തിക്കാനും ഭവനരഹിതരായ രണ്ട് ലക്ഷത്തിൽപ്പരമാളുകൾക്ക് ലൈഫ് മിഷനിലൂടെ വീട് നിർമ്മിച്ചുനൽകാനും സർക്കാരിന് സാധിച്ചു. 2020-21 ആകുമ്പോഴേയ്ക്കും ഒരു ലക്ഷം ഫ്ലാറ്റുകൾ ഉൾപ്പെടെ ഭവനരഹിതർക്ക് നൽകുമെന്നും കുടുംബശ്രീയിലൂടെ 25 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുമെന്നുള്ള പ്രഖ്യാപനവും ഓങ്കോളജി പാർക്ക് സ്ഥാപിക്കാനുള്ള നീക്കവും സ്വാഗതാർഹമാണ്. പ്രീപ്രൈമറി ടീച്ചർമാർ, ആശാവർക്കർമാർ, ആയമാർ എന്നിവർക്ക് 500 രൂപയും പാചകത്തൊഴിലാളികൾക്ക് ദിനംപ്രതി 50 രൂപയും വർദ്ധിപ്പിക്കാനുള്ള തീരുമാനം അഭിനന്ദനാർഹമാണ്. കൊല്ലങ്കോട് ഫയർ സ്റ്റേഷൻ യാഥാർത്ഥ്യമാക്കുന്നതിനും നെന്മാറ ഐ.ഐ.ടി.-യുടെ കെട്ടിട

നിർമ്മാണത്തിനും നെന്മാറ മണ്ഡലത്തിൽ പ്രഖ്യാപിച്ചിട്ടുള്ള കിഫ്ബി പദ്ധതികൾ സംബന്ധിച്ച് ജില്ലാതലത്തിൽ അവലോകനയോഗം വിളിച്ചുകൂട്ടുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. എഫ്. തോമസ്: ബജറ്റിനെ എതിർക്കുന്നു. പൊതുജനങ്ങളുടെ മേൽ അമിതഭാരമേൽപ്പിക്കുന്ന നികുതി നിർദ്ദേശങ്ങൾ പിൻവലിക്കാൻ തയ്യാറാകണം. കർഷകക്ഷേമത്തിനായി ക്രിയാത്മകമായ യാതൊരു പദ്ധതിയും നടപ്പാക്കാൻ കഴിഞ്ഞിട്ടില്ല. ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ എല്ലാ മണ്ഡലങ്ങളിലേയും വികസന പദ്ധതികൾക്ക് ഫണ്ട് അനുവദിക്കുന്നതിനും റബ്ബറിന്റെ വിലസ്ഥിരത ഫണ്ട് വർദ്ധിപ്പിക്കുന്നതിനും സംഭരിച്ച നെല്ലിന്റെ കുടിശ്ശിക സമയബന്ധിതമായി കൊടുത്തു തീർക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. ഹരീന്ദ്രൻ: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷനുകൾ 100 രൂപ വർദ്ധിപ്പിച്ചതും ഭവനരഹിതർക്ക് ലൈഫ് പദ്ധതിയിലൂടെ 2 ലക്ഷം വീടുകൾ നിർമ്മിച്ച് നൽകാൻ സാധിച്ചതും ആർദ്രം പദ്ധതി വഴി മെച്ചപ്പെട്ട ചികിത്സാ സൗകര്യമൊരുക്കാൻ സാധിച്ചതും ഹരിത കേരളം മിഷനിലൂടെ പ്രകൃതി സംരക്ഷണ പ്രവർത്തനങ്ങൾ ആവിഷ്കരിക്കാൻ സാധിച്ചതും സർക്കാരിന്റെ നേട്ടങ്ങളാണ്. 25 രൂപയ്ക്ക് കുടുംബശ്രീ മുഖേന

ഉച്ചഭക്ഷണം നൽകാനുള്ള തീരുമാനവും സ്ത്രീകളുടേയും കുട്ടികളുടേയും സുരക്ഷയ്ക്കായി പദ്ധതികൾ ആവിഷ്കരിച്ചതും അഭിനന്ദനാർഹമാണ്. കോവളം ജലപാതയ്ക്കും കരമന-കളിയിക്കാവിള റോഡ് വികസനത്തിനും ഫണ്ട് അനുവദിച്ചതും അരുവിക്കര മണ്ഡലത്തിലെ ആനവളർത്തൽ കേന്ദ്രത്തിന് അനുമതി നൽകിയതും വിഴിഞ്ഞം തുറമുഖത്തിനായി 290 കോടി രൂപ മാറ്റിവച്ചതും സ്വാഗതാർഹമാണ്. തൊഴിലുറപ്പ് പദ്ധതിയുടെ കേന്ദ്രവിഹിതമുൾപ്പെടെയുള്ള ധനസഹായം ലഭ്യമാക്കാത്ത കേന്ദ്രസർക്കാർ നടപടി പ്രതിഷേധാർഹമാണ്.

<u>ശ്രീ. ടി. ജെ. വിനോദ്</u>: ബജറ്റിനെ എതിർക്കുന്നു. സർക്കാരിന്റെ ധനകാര്യ മാനേജ്മെന്റ് പൂർണ്ണപരാജയമാണ്. കൊച്ചി മെട്രോയുടെ വികസന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിനും വാട്ടർ മെട്രോ യാഥാർത്ഥ്യമാക്കുന്നതിനും കൊച്ചി ഓപ്പറേഷൻസ് ബ്രേക്ക്ത്രൂ പദ്ധതിക്കായി 50 കോടി രൂപ അധികമായി അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. ക്ഷേമപെൻഷനുകളും ആശാവർക്കർമാരുടെ ഓണറേറിയവും അങ്കണവാടി ടീച്ചർമാരുടെ വേതനവും വർദ്ധിപ്പിച്ച നടപടി സ്വാഗതാർഹമാണ്. ക്യാൻസർ രോഗികളുടെ ക്ഷേമപെൻഷൻ വർദ്ധിപ്പിക്കുന്നതിനും നിർമ്മാണ

പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുന്ന "പ്രൈസ്" സോഫ്റ്റ്‌വെയറിലെ അപാകത പരിഹരിക്കുന്നതിനും കാലതാമസം കൂടാതെ ആസ്തി വികസന ഫണ്ട് റിലീസ് ചെയ്യുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. ചിറ്റയം ഗോപകുമാർ: ബജറ്റിനെ അനുകൂലിക്കുന്നു. കടുത്ത സാമ്പത്തിക പ്രതിസന്ധിക്കിടയിലും സമസ്ത മേഖലകളിലും നിരവധി വികസന പദ്ധതികളാണ് ബജറ്റിലൂടെ വിഭാവന ചെയ്തിട്ടുള്ളത്. ആശാവർക്കർമാരുടെയും പാചകത്തൊഴിലാളികളുടെയും പ്രീ-പ്രൈമറി ടീച്ചർമാരുടെയും ഓണറേറിയം വർദ്ധിപ്പിച്ചത് സ്വാഗതാർഹമാണ്. കുടുംബശ്രീ സി.ഡി.എസ്. അദ്ധ്യക്ഷൻമാരുടെയും അക്കൗണ്ടന്റുമാരുടെയും എ.ഡി.എസ്. അംഗങ്ങളുടെയും ഓണറേറിയം വർദ്ധിപ്പിക്കണം. കുട്ടനാട് അന്തർദ്ദേശീയ കായൽ ഗവേഷണ കേന്ദ്രത്തിനുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനും കഴിഞ്ഞ ബജറ്റിൽ പ്രഖ്യാപിച്ച റവന്യൂ ഡിവിഷനുകളുടെയും താലൂക്കുകളുടെയും പ്രവർത്തനത്തിനാവശ്യമായ തുക അനുവദിക്കുന്നതിനും റവന്യൂ ഓഫീസുകളിൽ ഫ്രണ്ട് ഓഫീസ് സംവിധാനം ഏർപ്പെടുത്തുന്നതിനും ക്ഷീര കർഷകർക്ക് സഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. എം. സി. കമറുദ്ദീൻ: ബജറ്റിനെ എതിർക്കുന്നു. സാമ്പത്തിക

പ്രതിസന്ധി പരിഹരിക്കാനുള്ള യാതൊരു നിർദ്ദേശവും ബജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പ്രതിപക്ഷ അംഗങ്ങളുടെ മണ്ഡലങ്ങളിൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം അനുവദിക്കാതെ അവഗണിക്കുന്ന സമീപനമാണ് ബജറ്റിൽ സ്വീകരിച്ചിരിക്കുന്നത്. കാസർഗോഡ് വ്യവസായ സോണുകൾ ആരംഭിക്കുന്നതിനും കിഫ്ബിയിൽ ഉൾപ്പെടുത്തി നദികളിൽ റെഗുലേറ്റർ-കം-ബ്രിഡ്ജ് നിർമ്മിക്കുന്നതിനും മഞ്ചേശ്വരം താലൂക്കിൽ മിനി സിവിൽ സ്റ്റേഷൻ ആരംഭിക്കുന്നതിനും നടപടി സ്വീകരിക്കണം.

<u>ശ്രീ. എ. എൻ. ഷംസീർ</u>: ബജറ്റിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പദ്ധതിവിഹിതമുൾപ്പെടെ അർഹതപ്പെട്ട ഫണ്ടുകൾ വെട്ടിക്കുറയ്ക്കുന്ന സമീപനമാണ് കേന്ദ്ര സർക്കാർ സ്വീകരിക്കുന്നത്. കേരളത്തിന്റെ സാമ്പത്തിക വളർച്ചാനിരക്ക് 7.2 ശതമാനത്തിലെത്തിക്കാനും പൊതുമേഖലാ സ്ഥാപനങ്ങളെ ലാഭത്തിലെത്തിക്കാനും ആഭ്യന്തര/വിദേശ ടൂറിസത്തിൽ വളർച്ച കൈവരിക്കാനും സാധിച്ചിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരമുള്ള റോഡുകൾ നിർമ്മിക്കാനും പ്രളയാനന്തര കേരളത്തെ പുനർനിർമ്മിക്കാനുമുള്ള നടപടികളുമായിട്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഒരു കോടി വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനുള്ള ശ്രമവും കേര കർഷകരെ

പ്രോത്സാഹിപ്പിക്കുന്നതിനായി ഇൻസെന്റീവ് ഏർപ്പെടുത്താനും കേരളത്തെ ഒരു നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റാനുമുള്ള നടപടി സ്വാഗതാർഹമാണ്. മലബാർ ക്യാൻസർ സെന്ററിന് പ്ലാൻ ഫണ്ടിലുള്ള വിഹിതം വർദ്ധിപ്പിക്കുന്നതിനും കണ്ണൂർ മദർ ആന്റ് ചൈൽഡ് ഹോസ്പിറ്റലിന് 2017-ലെ ബജറ്റിൽ വകയിരുത്തിയ പണം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): ബജറ്റിനെ എതിർക്കുന്നു. സംസ്ഥാനം കടക്കെണിയിൽ നിൽക്കുമ്പോൾ കോടിക്കണക്കിന് രൂപയുടെ പദ്ധതികൾ പ്രഖ്യാപിച്ച ധനകാര്യ വകുപ്പുമന്ത്രിക്ക് മുൻബജറ്റിലെ പ്രഖ്യാപനങ്ങൾപോലും ഇതുവരെ പ്രാവർത്തികമാക്കാൻ സാധിച്ചിട്ടില്ല. കഴിഞ്ഞ നാല് മാസമായി ട്രഷറി സ്തംഭനാവസ്ഥയിലാണ്. കരാറുകാർക്ക് 4,000 കോടിയിലേറെ രൂപ കുടിശ്ശികയായതിനാൽ വികസന പ്രവർത്തനങ്ങൾ മുടങ്ങിയിരിക്കുകയാണ്. കാർഷിക മേഖലയുടെ ഉന്നമനത്തിനായി ബജറ്റിൽ വകയിരുത്തിയ തുക അപര്യാപ്തമാണ്. ക്രയശേഷി വർദ്ധിപ്പിക്കാനുള്ള ക്രിയാത്മകമായ നിർദ്ദേശങ്ങളൊന്നുംതന്നെ ബജറ്റിലില്ല. ജീവനക്കാരെ പുനർവിന്യസിക്കാനുള്ള തീരുമാനം തൊഴിൽരഹിതരായ യുവതലമുറയെ

ബാധിക്കും.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ബജറ്റ് ചർച്ചയ്ക്കിടെ പോലീസ് വകുപ്പുമായി ബന്ധപ്പെട്ട് ശ്രീ. പി. ടി. തോമസ് ഉന്നയിച്ച മൂന്ന് ആരോപണങ്ങളിന്മേലുള്ള വിശദമായ റിപ്പോർട്ട് പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ അവ അടിസ്ഥാനരഹിതമാണെന്നാണ് കണ്ടെത്തിയിട്ടുള്ളത്. പോലീസിനുവേണ്ടി കമ്പ്യൂട്ടറുകൾ, ലാപ്ടോപ്പുകൾ, ക്യാമറകൾ, വാഹനങ്ങൾ എന്നിവ വാങ്ങിയത് സ്റ്റോർ പർച്ചേസ് നടപടികളിലെ നിബന്ധനകൾ ലംഘിച്ചുകൊണ്ടാണെന്നുള്ളതാണ് ഒന്നാമത്തെ ആരോപണം. പോലീസ് സംവിധാനത്തെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായാണ് അവ വാങ്ങിയിട്ടുള്ളത്. ക്രൈം ആൻഡ് ക്രിമിനൽ ട്രാക്കിംഗ് ആൻഡ് നെറ്റ്‌വർക്ക് സിസ്റ്റംസ് (സി.സി.ടി.എൻ.എസ്.) പദ്ധതിക്കാവശ്യമായ കമ്പ്യൂട്ടറുകളും ലാപ്ടോപ്പുകളും സംസ്ഥാന സർക്കാരിന് കീഴിലുള്ള സ്റ്റേറ്റ് എംപവേർഡ് കമ്മിറ്റിയുടെ അനുമതിയോടു കൂടിയാണ് വാങ്ങിയിട്ടുള്ളത്. പ്രസ്തുത വാങ്ങൽ നടപടികൾ സെൻട്രലൈസ്ഡ് പ്രൊക്യൂയർമെന്റ് ആൻഡ് റേറ്റ് കോൺട്രാക്ട് സിസ്റ്റം (സി.പി.ആർ.സി.എസ്.) മുഖാന്തരവും ഗവൺമെന്റ് ഇ-മാർക്കറ്റിംഗ് (GeM) മുഖാന്തരവുമാണ്. സി.സി. ടിവികൾ ഓപ്പൺ ടെണ്ടർ വഴിയാണ്

വാങ്ങി സ്ഥാപിച്ചിട്ടുള്ളത്. രണ്ടാമതായി ഉന്നയിച്ച ആരോപണം 'സിംസ്' എന്ന പേരിൽ നടത്തുന്ന പദ്ധതിയിൽ വൻ അഴിമതി നടന്നിട്ടുണ്ടെന്നുള്ളതാണ്. പ്രസ്തുത പദ്ധതിയുടെ നിയന്ത്രണം, നടത്തിപ്പ്, ചുമതല എന്നിവ കെൽട്രോണിനെയാണ് ഏൽപ്പിച്ചിരിക്കുന്നത്. ഇതിനുവേണ്ടി സർക്കാരോ പോലീസോ യാതൊരു തുകയും ചെലവഴിക്കുന്നില്ല. മൂന്നാമത്തെ ആരോപണം നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിൽ എസ്.എച്ച്.ഒ.-മാർക്ക് താമസിക്കാൻ ക്വാർട്ടേഴ്സ് പണിയുന്നതിന് അനുവദിച്ച തുക വകമാറ്റി സർക്കാർ അനുമതിയില്ലാതെ വില്ലകളും ബംഗ്ലാവുകളുമൊക്കെ നിർമ്മിച്ചുവെന്നതാണ്. നക്സൽ ഭീഷണിയുള്ള സ്ഥലങ്ങളിൽ സെക്യൂരിറ്റി റിലേറ്റഡ് എക്സ്പെൻഡിച്ചർ (എസ്.ആർ.ഇ.), സ്പെഷ്യൽ ഇൻഫ്രാസ്ട്രക്ചർ സ്കീം, (എസ്.ഐ.എസ്.) എന്നിവയാണ് നിലവിലുള്ളത്. ഈ പദ്ധതിയുടെ ഭാഗമായോ മറ്റേതെങ്കിലും പദ്ധതിയുടെ ഭാഗമായോ തണ്ടർ ബോൾട്ട്കാർക്ക് ക്വാർട്ടേഴ്സ് പണിയുന്നതിന് നടപടികളൊന്നും സംസ്ഥാനത്ത് സ്വീകരിച്ചിട്ടില്ല. സീനിയർ ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകൾ അപര്യാപ്തമായതിനാൽ മോഡണൈസേഷൻ ഓഫ് പോലീസ് ഫണ്ട് (എം.ഒ.പി.എഫ്) 2013-14, സംസ്ഥാന വിഹിതം സ്കീമിൽ അപ്പർ സബോർഡിനേറ്റ് ക്വാർട്ടേഴ്സുകൾ

പണിയുന്നതിനായി അനുവദിച്ച തുകയും (433 ലക്ഷം രൂപ), സ്റ്റേറ്റ് പ്ലാൻ 2018-19, 2019-20 സ്കീമുകളിൽ സീനിയർ ഓഫീസേഴ്സ് റെസിഡൻസ് പണിയുന്നതിനായി അനുവദിച്ച തുകയും (195 ലക്ഷം രൂപ) ഉപയോഗിച്ച് ഭക്തിവിലാസത്ത് പോലീസ് ക്വാർട്ടേഴ്സ് കോമ്പൗണ്ടിൽ സീനിയർ പോലീസ് ഓഫീസർമാർക്കുള്ള ക്വാർട്ടേഴ്സുകളാണ് പണികഴിപ്പിക്കുന്നത്. കേരള ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ പോലീസുകാരെ വഴിവിട്ടു നിയമിച്ചുവെന്ന മറ്റൊരു ആരോപണംകൂടി ഉന്നയിക്കുകയുണ്ടായി. ഫോറൻസിക് സയൻസ് ലബോറട്ടറിയിലും മൂന്ന് മേഖലാ സയൻസ് ലബോറട്ടറികളിലുമായി 140 തസ്തികകളിൽ ഒഴിഞ്ഞു കിടക്കുന്ന 64 എണ്ണം പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. 4 ലാബുകളിലായി പരിശോധനയ്ക്കായി 12000 ത്തോളം ക്രൈം കേസുകൾ കെട്ടിക്കിടക്കുന്നതിനാൽ സയന്റിഫിക് ഓഫീസർമാരെ സഹായിക്കാനായി വർക്ക് അറേഞ്ച്മെന്റിൽ 6 മാസത്തേയ്ക്ക് താൽക്കാലികമായി പോലീസ് ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്. ഇവരെ ലബോറട്ടറികളിലെ പരിശോധനാ ചുമതലകളൊന്നും ഏൽപ്പിച്ചിട്ടില്ല. തൊണ്ടിമുതലുകളുടെ പരിശോധനയ്ക്ക് അക്കാര്യത്തിൽ വൈദഗ്ധ്യമുള്ള ഉദ്യോഗസ്ഥരെ മാത്രമേ ചുമതലപ്പെടുത്തിയിട്ടുള്ളൂ.

ശ്രീ. പി. ടി. തോമസ്: ഞാൻ ചൂണ്ടിക്കാണിച്ച പല കാര്യങ്ങളും സി. ആൻഡ് എ. ജി. റിപ്പോർട്ടിൽ അംഗീകരിച്ചിട്ടുണ്ട്. അതെല്ലാം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിഷേധിച്ചിരിക്കുകയാണ്; ആ സാഹചര്യത്തിൽ ഇതിനെപ്പറ്റി ഒരന്വേഷണത്തിന് അങ്ങ് ഉത്തരവിടാൻ തയ്യാറാകണം.

ശ്രീ. പിണറായി വിജയൻ: അദ്ദേഹം ഉന്നയിച്ച കാര്യങ്ങൾക്കാണ് ഞാൻ മറുപടി പറഞ്ഞത്. സി. ആൻഡ് എ.ജി. റിപ്പോർട്ടിന്റെ കാര്യം വേറെ പരിശോധിക്കാം, അത് സാധാരണ പരിശോധിക്കുന്ന നടപടിക്രമം എല്ലാവർക്കും അറിയാവുന്നതാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): ഈ സർക്കാരിന്റെ ആദ്യമൂന്നുവർഷക്കാലത്തിനുള്ളിൽ സംസ്ഥാനത്തിന്റെ പ്രതിശീർഷ വരുമാനം ദേശീയ ശരാശരിയെക്കാൾ ഉയർന്നിട്ടുണ്ട്. കേന്ദ്രത്തിൽനിന്നും വായ്പ/നികുതിവിഹിതങ്ങളിൽ തുക ലഭിക്കാത്തത് സംസ്ഥാനത്തെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സംസ്ഥാന സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലമായി കേന്ദ്ര ധനകാര്യ കമ്മീഷൻ റവന്യൂ ഡെഫിസിറ്റ് ഗ്രാന്റിനത്തിൽ 15,000 കോടിയോളം രൂപ ശിപാർശ ചെയ്തിട്ടുണ്ട്. പശ്ചാത്തലസൗകര്യ വികസനത്തിനും നിക്ഷേപങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കുന്നതിനുമാണ്

ഊന്നൽ നൽകിയിട്ടുള്ളത്. കുടുംബശ്രീ മുഖേന 25 രൂപയ്ക്ക് ഉച്ചഭക്ഷണം നൽകുന്ന പദ്ധതി ഓണത്തിന് മുൻപ് നടപ്പിലാക്കുന്നതും എ.പി.എൽ./ബി.പി.എൽ. വ്യത്യാസമില്ലാതെ മാലിന്യസംസ്കരണ ഗാർഹിക ഉപകരണങ്ങൾക്ക് സബ്സിഡി നൽകാൻ തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് അനുവാദം നൽകുന്നതുമാണ്. ഓണത്തിനുമുൻപ് ഒരുകോടി ഫലവൃക്ഷതൈകൾ നടുന്നതിനുള്ള നഴ്സറികൾ ആരംഭിച്ചുകഴിഞ്ഞു. ദേശീയ ജലപാത ഈ വർഷംതന്നെ പൂർത്തീകരിക്കുന്നതാണ്. തലസ്ഥാന ജില്ലയെ ബജറ്റിൽ അവഗണിച്ചുവെന്ന വാദം അടിസ്ഥാനരഹിതമാണ്. ഉള്ളൂർ, പട്ടം, ശ്രീകാര്യം മേൽപ്പാലങ്ങൾ, വട്ടിയൂർക്കാവ് ജംഗ്ഷൻ വികസനം, കരമന-കളിയിക്കാവിള റോഡ്, പൊതുമരാമത്ത് പ്രവൃത്തികൾ, മൾട്ടി ലെവൽ പാർക്കിംഗ് തുടങ്ങിയവയ്ക്കായി 1882 കോടി രൂപയും തിരുവനന്തപുരം നഗരത്തിന്റെ കുടിവെള്ളപ്രശ്നം പരിഹരിക്കുന്നതിനായി അരുവിക്കരയിൽ ട്രീറ്റ്മെന്റ് പ്ലാന്റ് സ്ഥാപിക്കുന്നതിനായി 635 കോടി രൂപയും നഗരം മുഴുവനും സ്വീവേജ് ട്രീറ്റ്മെന്റ് സംവിധാനം ഏർപ്പെടുത്തുന്നതിന് 25 കോടി രൂപയും വ്യവസായ പാർക്കുകൾക്ക് 534 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. ഏതെങ്കിലും പഞ്ചായത്തിൽ സെപ്റ്റേജിന് സ്ഥലവും അനുമതിയും നൽകിയാൽ 5 കോടി രൂപ

അനുവദിക്കുന്നതാണ്. സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സോണിനുവേണ്ടി പ്രത്യേക നിയമനിർമ്മാണം നടത്തും. പത്ത് വർഷം കൊണ്ട് നടപ്പാക്കുന്ന തലസ്ഥാന നഗരവികസന പദ്ധതിയിൽ 25,000 കോടി രൂപയുടെ നിക്ഷേപം ഉറപ്പാക്കുന്നതുവഴി ഈ മേഖലയിൽ 20000 പേർക്ക് പ്രത്യക്ഷമായും 1.2 ലക്ഷം പേർക്ക് പരോക്ഷമായും തൊഴിൽ ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. വിഴിഞ്ഞം തുറമുഖം വരുന്നതോടനുബന്ധിച്ച ഔട്ടർ റിംഗ് റോഡിൽ വിഴിഞ്ഞം മുതൽ നാവായിക്കുളം വരെ ആറ് വരി പാത, പാലങ്ങൾ, വയാഡക്ടുകൾ, ഫ്ലൈ ഓവറുകൾ, കൾവർട്ടുകൾ, ബാലരാമപുരത്ത് റോഡ് ഓവർ ബ്രിഡ്ജ് എന്നിവ ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ഗ്രോത്ത് കോറിഡോർ റോഡിന് സമീപത്തായി ടൗൺഷിപ്പുകളും വ്യവസായ പാർക്കുകളും വിഴിഞ്ഞത്തോടടുത്ത് ലോജിസ്റ്റിക് സെന്ററും ഐസർ, സ്പെയ്സ് റിസർച്ച് സെന്റർ എന്നിവയുമായി ബന്ധപ്പെടുത്തി നോളജ് സിറ്റി, വിളപ്പിൽശാല സാങ്കേതിക സർവ്വകലാശാല എന്നിവ സ്ഥാപിക്കുന്നതാണ്.

ആറ്റുകാൽ വികസനത്തിന് കിഫ്ബിയിൽ 65 കോടി രൂപ അനുവദിച്ചിട്ടുണ്ട്. കിഫ്ബിയിലെ പ്രഖ്യാപിത പദ്ധതികൾ ക്രമീകരിച്ചുകൊണ്ട് കൊല്ലം ജില്ലയിലെ ഫ്ലൈഓവറുകളുടെ നിർമ്മാണം

ഏറ്റെടുക്കുന്നതാണ്. ശാസ്താംകോട്ട തടാകവും അഷ്ടമുടിക്കായലും പുനരുദ്ധരിക്കുന്നതും ടൂറിസം വികസനത്തിന് തയ്യാറാക്കിയിട്ടുള്ള പദ്ധതികൾ നടപ്പിലാക്കുന്നതുമാണ്. മലപ്പുറം ജില്ലയിൽ കിഫ്ബി പ്രവൃത്തികൾക്കും വിദ്യാഭ്യാസ-ടൂറിസം-പൊതുമരാമത്ത് പ്രവൃത്തികൾക്കുമായി 5,071 കോടി രൂപ വകയിരുത്തുന്നതാണ്. സപ്ലിമെന്ററി ഡിമാന്റിൽ ടോക്കൺ പ്രൊവിഷൻ വച്ചിട്ടുള്ള ആയിരം കോടി രൂപയുടെ പ്രവൃത്തികൾക്ക് അനുവാദം നൽകുന്നതാണ്. അപ്രോച്ച് റോഡിന്റെ പണി പൂർത്തിയാകാത്തതിനാൽ അനിശ്ചിതമായി നീളുന്ന പാലങ്ങളുടെ പണി അടിയന്തരമായി പൂർത്തീകരിക്കുന്നതിന് പ്രത്യേകാനുമതി നൽകുന്നതാണ്. 2019-20-ലെ ബജറ്റിൽ 20 ശതമാനം തുക വകയിരുത്തിയ എല്ലാ പദ്ധതികൾക്കും അനുവാദം നൽകുന്നതാണ്.

(തലസ്ഥാന ജില്ലയോടും പ്രതിപക്ഷ എം.എൽ.എ.-മാരുടെ മണ്ഡലങ്ങളോടുമുള്ള അവഗണനയിൽ പ്രതിഷേധിച്ച് പ്രതിപക്ഷം സഭ ബഹിഷ്കരിച്ചു.)

കണ്ണൂരിലെ ക്ഷേത്രകലാ അക്കാദമിക്കും ഊരാളി ഗായകസംഘത്തിനും 10 ലക്ഷം രൂപ വീതവും കേരള ഒളിമ്പിക് അസോസിയേഷന് 50 ലക്ഷം രൂപയും പ്രേംജിയുടെ വസതി സ്മാരകമായി ഏറ്റെടുക്കുന്നതിന് 1 കോടി

രൂപയും ആര്യനാട് വിനോബാ മ്യൂസിയത്തിന്റെ നവീകരണത്തിന് 25 ലക്ഷം രൂപയും വകയിരുത്തുന്നതാണ്. കൂനമ്മാവ് ചാവറ കുര്യാക്കോസ് ഏലിയാസ് അച്ചൻ സ്മാരകത്തിനുള്ള സഹായം 50 ലക്ഷം രൂപയായി വർദ്ധിപ്പിക്കുന്നതാണ്. പൊന്നാനിയിൽ മൈനോറിറ്റി കോച്ചിംഗ് സെന്റർ നിർമ്മാണത്തിനും പ്രേംനസീർ സാംസ്കാരിക കേന്ദ്രത്തിന്റെ നിർമ്മാണത്തിനും 1 കോടി രൂപ വീതവും ഭാരത് ഭവന് 2 കോടി രൂപയും കേരള ന്യൂനപക്ഷ ധനകാര്യ കോർപ്പറേഷന് വർക്കിംഗ് ക്യാപിറ്റലായി 2 കോടി രൂപയും മൈനോറിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിന് 1 കോടി രൂപയും പി.എം.ജെ.വി.കെ.-യുടെ സംസ്ഥാന വിഹിതമായി 3.5 കോടി രൂപയും വകയിരുത്തുന്നതാണ്. കേസരി ബാലകൃഷ്ണന്റെ പേരിൽ കോളേജ് ആരംഭിക്കുന്നത് സംബന്ധിച്ച് അടുത്ത സാമ്പത്തിക വർഷത്തിൽ തീരുമാനമെടുക്കുന്നതാണ്. നദീപുനരുദ്ധാരണ ക്യാമ്പയിന്റെ പശ്ചാത്തലത്തിൽ ഹാക്കത്തോൺ സംഘടിപ്പിക്കുന്നതിന് 50 ലക്ഷം രൂപ കിലയ്ക്ക് അനുവദിക്കുന്നതാണ്. കേരള യൂണിവേഴ്സിറ്റി ലൈബ്രറിയുടെ നവീകരണത്തിനുവേണ്ടി പദ്ധതി സമർപ്പിച്ചാൽ പ്രത്യേക പരിഗണന നൽകുന്നതാണ്. പുതിയ കോഴ്സുകൾ ആരംഭിക്കുന്നതിന് മിനിമം 'എ-പ്ലസ് ' നാക് അക്രഡിറ്റേഷൻ വേണമെന്ന നിബന്ധനയിൽനിന്ന് ശതാബ്ദി കഴിഞ്ഞ

കോളേജുകളെ ഒഴിവാക്കുന്നതാണ്. പുറക്കാട് ഭിന്നശേഷി ആയൂർവേദ സെന്ററിന് 2 കോടി രൂപയും തിരുവനന്തപുരം മെഡിക്കൽ കോളേജിലെ സ്റ്റിമുലേഷൻ രീതികളെ അടിസ്ഥാനമാക്കിയുള്ള പരിശീലന കേന്ദ്രം പ്രവർത്തനക്ഷമമാക്കുന്നതിന് 12 കോടി രൂപയും വകയിരുത്തുന്നതാണ്. എൻഡോസൾഫാൻ ദുരിതബാധിതർക്കുള്ള ധനസഹായം 50 കോടി രൂപയായി വർദ്ധിപ്പിക്കുന്നതും നാളികേര വികസന കോർപ്പറേഷനും കേരള ഫീഡ്സിനും 2 കോടി രൂപ വീതം അധികമായി അനുവദിക്കുന്നതുമാണ്. പത്തനംതിട്ട സുബല പാർക്കിന് പട്ടികജാതി കോർപ്പസ് ഫണ്ടിൽനിന്ന് പണം ലഭ്യമാക്കുന്നതാണ്. കിഫ്ബിയിൽ ഉൾപ്പെടുത്തി പൊന്നാനി കുടിവെള്ള പദ്ധതിയുടെ രണ്ടാംഘട്ട നിർമ്മാണത്തിന് 53 കോടി രൂപ അനുവദിക്കുന്നതും ചീക്കോട് പദ്ധതി സംബന്ധിച്ച പ്രശ്നങ്ങൾ ജലവിഭവ വകുപ്പുമന്ത്രിയുമായി ചർച്ച ചെയ്ത് പരിഹരിക്കുന്നതുമാണ്. നിയമനനിരോധനവും പെൻഷൻപ്രായം ഉയർത്തലും സർക്കാരിന്റെ പരിഗണനയിലില്ല. അദ്ധ്യാപകരുടെ അധിക തസ്തിക സൃഷ്ടിക്കുന്നതിനുള്ള മാനദണ്ഡം കുട്ടികളുടെ എണ്ണത്തിനാനുപാതികമായി പുനഃക്രമീകരിക്കുന്നതാണ്. കമ്പ്യൂട്ടർവൽക്കരണംമൂലം അപ്രസക്തരായ ജീവനക്കാരെ തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങി വിവിധ വകുപ്പുകളിലേയ്ക്ക്

പുനർവിന്യസിക്കും. വരുമാനം വർദ്ധിക്കുന്ന മുറയ്ക്ക് ഫണ്ട് അലോക്കേഷൻ പുനഃസ്ഥാപിക്കുന്നതാണ്.

## X അവകാശലംഘന പ്രശ്നങ്ങൾ

<u>പരിഗണനയിലിരിക്കുന്നവ</u>

<u>മി. സ്പീക്കർ</u>: ശ്രീ. കെ. സുരേഷ് കുറുപ്പ്, രാജ്യസഭ എം.പി. ആയ ശ്രീ. ജി.വി.എൽ. നരസിംഹറാവുവിനെതിരെയും ശ്രീ. കെ. സി. ജോസഫിനെതിരെയും നൽകിയ നോട്ടീസുകൾ ചെയറിന്റെ പരിഗണനയിലാണ്.

<u>അനുമതി നിഷേധിച്ചവ</u>

ശ്രീ. കെ. സി. ജോസഫ്, വൈദ്യുതി വകുപ്പുമന്ത്രിക്കെതിരെയും ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിക്കെതിരെയും പൊതുമരാമത്ത് വകുപ്പുമന്ത്രിക്കെതിരെയും ശ്രീ. വി. ഡി. സതീശൻ, ഉന്നത വിദ്യാഭ്യാസവും ന്യൂനപക്ഷക്ഷേമവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി ഡോ. കെ. ഷറഫുദ്ദീനെതിരെയും പ്രതിപക്ഷനേതാവിന്റെ അവകാശാധികാരങ്ങൾ നിഷേധിച്ചതിനെതിരെയും ശ്രീ. പി. കെ. അബ്ദു റബ്ബ്, മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി

വ്യവസായവും വകുപ്പുമന്ത്രിക്കെതിരെയും നൽകിയ അവകാശലംഘന നോട്ടീസുകൾക്ക് അനുമതി നിഷേധിച്ചു.

## XI പ്രമേയം

സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയുന്നത് സംബന്ധിച്ച്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സഭ മുമ്പാകെ മറ്റ് ബിസിനസ്സുകളൊന്നുമില്ലാത്തതിനാൽ സഭ അനിശ്ചിതകാലത്തേയ്ക്ക് പിരിയാവുന്നതാണ് എന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

പതിനാലാം കേരള നിയമസഭയുടെ പതിനെട്ടാം സമ്മേളനത്തിൽ പരിഗണിച്ച വിഷയങ്ങളെ സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ സംക്ഷിപ്ത വിവരണം നടത്തി. തുടർന്ന് 'കടലാസ് രഹിത നിയമസഭ' എന്ന ആശയം പ്രാവർത്തികമാക്കുന്നതിന്റെ ഭാഗമായുള്ള 'ഇ-നിയമസഭ' പദ്ധതിക്ക് ഈ സമ്മേളനത്തിൽ തുടക്കം കുറിക്കാൻ കഴിഞ്ഞതായും സമ്മേളനത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് സഹകരിച്ച എല്ലാവർക്കും നന്ദി രേഖപ്പെടുത്തുന്നതായും അറിയിച്ചു.

(സഭ ദേശീയഗാനാലാപനത്തോടെ വൈകുന്നേരം 4.24-ന് അനിശ്ചിതകാലത്തേയ്ക്ക് പിരിഞ്ഞു.)

* * * * *